# സ്വതന്ത്ര ഭാരതത്തിന്റെ 61–ാം പിറന്നാൾ

**ആളുകളുടെ** ഷഷ്ടിപൂർത്തി അവരുടെ കർമകാണ്ഡത്തിന്റെ സമാപനമായിട്ടാണ് സാധാരണ കരുതപ്പെടുന്നത്. രാഷ്ട്രങ്ങളുടെ ഷഷ്ടിപൂർത്തി അതിന്റെ ചരിത്രത്തിലെ ചെറിയൊരു ദശമാത്രമാണ്. അതുകൊണ്ട് 2007നെ നാം രാജ്യത്തിന്റെ ഷഷ്ടിപൂർത്തിയായി ആഘോഷിച്ചില്ല. എങ്കിലും അറുപതാണ്ട് ഒരു രാജ്യത്തിന് നിലനിൽപ് ഭദ്രമാക്കാനും വികസനം കൈവരിക്കാനും അടിസ്ഥാനാദർശങ്ങളിൽ പക്വമായ സമീപനങ്ങൾ ആവിഷ്കരിക്കാനും മതിയായ കാലയളവാണ്.

സ്വാതന്ത്ര്യാനന്തര ഭാരതം സാമ്പത്തിക-ശാസ്ത്ര-വിദ്യാഭ്യാസ മേഖലകളിൽ അഭിമാനകരമായ നേട്ടമുണ്ടാക്കിയിട്ടുണ്ട് എന്നത് അനിഷേധ്യമാകുന്നു. വെള്ളക്കാർ വിട്ടുപോകുമ്പോൾ 40 കോടിയോളമായിരുന്നു രാജ്യത്തിന്റെ ജനസംഖ്യ. അവർക്ക് തന്നെയും ആവശ്യമായ ഭക്ഷ്യവിഭവങ്ങൾ ഇവിടെ വിളഞ്ഞിരുന്നില്ല. ഇന്നത്തെ ജനസംഖ്യ 110- കോടിയോളമാണ്. എന്നിട്ടും ആവശ്യമായ ഭക്ഷ്യവിഭവങ്ങളുൽപാദിപ്പിക്കാൻ ഇന്ത്യക്ക് കഴിയുന്നുണ്ട്. പലപ്പോഴും മിച്ച ധാന്യം വിദേശങ്ങളിലേക്ക് കയറ്റി അയക്കുകയും ചെയ്യുന്നു. വിദ്യാഭ്യാസരംഗത്ത് കേരളമുൾപ്പെടെയുള്ള ചില സംസ്ഥാനങ്ങൾ നൂറു ശതമാനം സാക്ഷരത നേടിക്കഴിഞ്ഞു. ശാസ്ത്രസാങ്കേതിക മേഖലയിൽ ബഹിരാകാശ വാഹനങ്ങളും മിസൈലുകളും രൂപകൽപന ചെയ്യാനും വിജയകരമായി വിക്ഷേപിക്കാനും ആണവായുധങ്ങൾ നിർമിച്ച് പരീക്ഷിക്കാനും നാം കരുത്തു നേടി. റെയിൽ, റോഡ്, വിദ്യുച്ഛക്തി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിലും രാജ്യം ഏറെ മുന്നേറിയിരിക്കുന്നു.

ഈ നേട്ടങ്ങളെയെല്ലാം അർഹിക്കുന്ന പ്രാധാന്യത്തോടെ പരിഗണിക്കുമ്പോഴും മൗലികമായ ഒരു ചോദ്യം ഉയർന്നുവരുന്നുണ്ട്. അധികാരം സ്വദേശീയ ഹസ്തങ്ങളിലേക്ക് മാറുകയും റോഡും റെയിലും മോട്ടോർ വാഹനവും ആകാശയാനങ്ങളും ധാരാളമായി ഉണ്ടാവുകയും ചെയ്താൽ സ്വാതന്ത്ര്യം പൂർണമാകുമോ? അത്തരം ഒരു രാഷ്ട്രമാണോ സ്വാതന്ത്ര്യത്തിനു വേണ്ടി ജീവിതം ഉഴിഞ്ഞുവെച്ച ധീരദേശാഭിമാനികളുടെ സ്വപ്നത്തിലുണ്ടായിരുന്നത്? വികസനം തീർച്ചയായും ദേശീയ നേതാക്കൾ സ്വപ്നം കണ്ടിരുന്നു. അതിലേറെ നിറപ്പകിട്ടാർന്ന ഒരു സ്വപ്നം അവർ കണ്ടിരുന്നു. എല്ലാ പൗരന്മാരും സ്വാതന്ത്ര്യമനുഭവിക്കുന്ന ഇന്ത്യയായിരുന്നു അത്. പട്ടിണി കിടക്കുന്നവരുടെ, അടിസ്ഥാനാവശ്യങ്ങൾ വിലക്കപ്പെട്ടവരുടെ വോട്ട് കുത്താനുള്ള സ്വാതന്ത്ര്യത്തിൽ അവർക്ക് താൽപര്യമുണ്ടായിരുന്നില്ല. അക്ഷരഹീനനും പട്ടിണിപരിഷകൾക്കും രാഷ്ട്രീയ സ്വാതന്ത്ര്യം കൊണ്ടെന്തു കാര്യം?

രാഷ്ട്രപിതാവ് മഹാത്മാഗാന്ധി ആഗ്രഹിച്ചത് ഓരോ വ്യക്തിയും കുടുംബവും ഗ്രാമവും അവരവർക്ക് ആവശ്യമുള്ളത് ഉൽപാദിപ്പിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്ന 'സ്വരാജ്' ആയിരുന്നു. സാധാരണക്കാർക്ക് അപ്രാപ്യമായ വിഭവങ്ങളിലും വികസനങ്ങളിലും അദ്ദേഹത്തിനു താൽപര്യമുണ്ടായിരുന്നില്ല. രാമരാജ്യമായിരുന്നു അദ്ദേഹം സ്വപ്നം കണ്ട ഇന്ത്യ. ഖലീഫ ഉമറിന്റെ ഭരണമായിരുന്നു അദ്ദേഹം നിർദേശിച്ച രാജനീതി. അയിത്തവും തീണ്ടലുമില്ലാത്ത, ജാതിവൈരവും മതവിദ്വേഷവുമില്ലാത്ത, മദ്യവും മയക്കുമരുന്നുമില്ലാത്ത, ചൂതാട്ടവും ചൂഷണങ്ങളുമില്ലാത്ത, എല്ലാവരും സോദരത്വേന വാഴുന്ന ഭാരതമായിരുന്നു ഗാന്ധിജിയുടെ സ്വപ്നം. ഇന്ന് അയിത്താചരണ നിരോധവും ജാതിവിവേചന നിരോധവും നിയമപുസ്തകങ്ങളുടെ ഏടുകളിലുറങ്ങുന്നു. പ്രായോഗിക രംഗത്ത് അവ രണ്ടും അഭംഗുരം ആചരിക്കപ്പെട്ടുവരുന്നു. ദേശീയോദ്ഗ്രഥനവും സാമുദായിക സൗഹാർദവും വേദികളിൽ മുഴങ്ങുമ്പോഴും രാജ്യം വർഗീയ കലാപങ്ങളാൽ മുഖരിതമാകുന്നു. വെള്ളക്കാരന്റെ ഭരണകാര്യാലയങ്ങൾക്ക് മുമ്പിലെന്ന പോലെ സ്വാതന്ത്ര്യ ഭടന്മാർ മദ്യശാലകൾക്കു മുമ്പിലും സത്യാഗ്രഹ സമരം നയിച്ചിരുന്നതാണ്. അതേ മദ്യശാലകളാണിന്ന് കേരളമുൾപ്പെടെയുള്ള പല സംസ്ഥാന സർക്കാറുകളുടെയും മുഖ്യവരുമാന സ്രോതസ്സ്. ഗാന്ധിജി ആരാധിച്ചത് പൗരസഞ്ചയത്തിന്റെ സദാചാര സങ്കൽപത്തിന് ഊനം തട്ടാതിരിക്കാൻ സ്വന്തം പ്രാണ പ്രേയസിയെ കാട്ടിൽ തള്ളിയ രാമനെയായിരുന്നു. ഇന്ന് ആരാധിക്കപ്പെടുന്നതോ, അന്യരുടെ ആരാധനാലയങ്ങൾ ഇടിച്ചു നിരത്തുകയും തപസ് ചെയ്യുന്ന ചണ്ഡാലരുടെ കഴുത്തറുക്കുകയും ചെയ്യുന്ന രാമൻ. ഉമറിന്റെ സ്ഥാനത്ത് കോടികൾ കൊടുത്ത് അധികാരക്കസേരകൾ വിലയ്ക്കു വാങ്ങുന്ന ഭരണാധികാരികൾ.

സ്വാതന്ത്ര്യത്തിന്റെ ആദ്യ വർഷങ്ങളിൽ രാജ്യത്തെ നയിച്ചത് സ്വാതന്ത്ര്യത്തിന്റെ അർഥമറിയുന്ന നേതാക്കളായിരുന്നു. എല്ലാ മണ്ഡലങ്ങളിലും ദേശീയ പാരമ്പര്യങ്ങൾക്കിണങ്ങുന്നതും ആദർശാധിഷ്ഠിതവുമായ നിലപാടുകളാവിഷ്കരിക്കാൻ അവർക്ക് കഴിഞ്ഞു. ജനതക്കൊട്ടാകെ പ്രയോജനപ്പെടുന്ന വികസന സംരംഭങ്ങൾക്കാണ് അവർ മുൻഗണന നൽകിയത്. ലോകത്തെ വിഴുങ്ങാൻ വാ പിളർന്നുനിന്നിരുന്ന രണ്ടു ശാക്തിക വിഭാഗങ്ങളിലൊന്നിന്റെയും മൂടുതാങ്ങാൻ കൂട്ടാക്കാത്ത ചേരിചേരായ്മയായിരുന്നു നമ്മുടെ വിദേശ നയത്തിന്റെ അടിത്തറ. ചേരിചേരാ പ്രസ്ഥാനത്തിന്റെ നായകരെന്ന നിലയിൽ ശോഭിതമായ ഒരന്താരാഷ്ട്ര പ്രതിഛായയും ഇന്ത്യക്കുണ്ടായിരുന്നു. ഇന്ന് ആഗോളവത്കൃത വ്യാപാരക്കരാറുകളിലൂടെ, സൈനിക കരാറുകളിലൂടെ അതെല്ലാം നാം കളഞ്ഞു കുളിച്ചിരിക്കുന്നു. നാം എന്തു കൃഷി ചെയ്യണം, ഉൽപന്നങ്ങൾ എങ്ങനെ വിപണനം ചെയ്യണം എന്നൊക്കെ ഇനി നമുക്ക് തനിച്ച് തീരുമാനിക്കാനാവില്ല. എല്ലാം മുതലാളിത്ത ശക്തികളുടെ തിട്ടൂരമനുസരിച്ചേ ചെയ്യാവൂ. ഫലം കൃഷി പരാജയപ്പെടുന്നു. കർഷകർ ആത്മഹത്യ ചെയ്തുകൊണ്ടിരിക്കുന്നു. പ്രാദേശിക വ്യവസായങ്ങൾ തകരുന്നു. വൻകിടക്കാർ കുതിച്ച് വളരുന്നു. ലോകത്തിലെ 200 ശതകോടീശ്വരന്മാരിൽ അമ്പതോളം പേർ, ജനസംഖ്യയുടെ നാൽപതു ശതമാനം ദാരിദ്ര്യരേഖക്ക് താഴെ കിടക്കുന്ന ഈ നാട്ടുകാരാണ്. നമ്മുടെ സ്വാതന്ത്ര്യം പണക്കാരുടെ, പണമുണ്ടാക്കാനുള്ള സ്വാതന്ത്ര്യമായി മാറിക്കഴിഞ്ഞു.

പണ്ട് നമ്മുടെ വിദേശ നയം' നമ്മുടെ' വിദേശനയം തന്നെയായിരുന്നു. നീതിയിലും നിഷ്പക്ഷതയിലും അധിഷ്ഠിതമായ വിദേശനയംനമ്മെ അടിച്ചമർത്തപ്പെടുന്നവരോടും അസ്വാതന്ത്ര്യമനുഭവിക്കുന്നവരോടും ചേർത്തുനിർത്തിയിരുന്നു. അതുകൊണ്ടാണ് അധാർമികമായി സ്ഥാപിക്കപ്പെട്ട ഇസ്രയേലിനെ നാം അംഗീകരിക്കാതിരുന്നതും സ്വദേശത്തുനിന്ന് ആട്ടിയോടിക്കപ്പെട്ട ഫലസ്ത്വീൻ ജനതയുടെ വേദനകൾ പങ്കിടാൻ തയാറായതും. ഇന്ന് അതേ ഇസ്രയേലാണ് സൈനിക-വ്യാപാര മേഖലകളിൽ നമ്മുടെ ഏറ്റം അടുത്ത പങ്കാളി. കാരണം ഇന്ന് നമ്മുടെവിദേശനയം'നമ്മുടേ'തല്ല; അമേരിക്കയുടേതാണ്. അവരിണങ്ങുന്നവരോട് നാം ഇണങ്ങണം. അവർ പിണങ്ങുന്നവരോട് നാം പിണങ്ങുകയും വേണം. ഇപ്പോൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന ആണവകരാർ ഒപ്പിടുന്നതോടെ നമ്മുടെ വിധേയത്വം അരക്കിട്ടുറപ്പിക്കപ്പെടും. ഏതു രാഷ്ട്രത്തിനും ഇതര രാഷ്ട്രങ്ങളുമായി കരാറുകളിലേർപ്പെടേണ്ടിവരിക സ്വാഭാവികമാണ്. കരാറുകൾ പക്ഷേ ഇരു കക്ഷികളെയും തുല്യമായി പരിഗണിക്കുന്നതായിരിക്കണം. വിധേയത്വം ഒരു കക്ഷിക്കു മാത്രം ബാധകമായതാവരുത്. ആണവകരാർ പ്രകാരം ഇന്ത്യക്ക് സ്വതന്ത്രമായ ആണവ പ്രവർത്തനം അസാധ്യമാണ്. ഇന്ത്യയുടെ ആണവനിലയങ്ങൾ പരിശോധിക്കാൻ അമേരിക്കക്ക് അവകാശമുണ്ട്. അമേരിക്കയുടേത് ഇന്ത്യ പരിശോധിക്കുന്ന പ്രശ്നമേയില്ല. ഇന്ത്യ ആണവായുധമുണ്ടാക്കാൻ പാടില്ല. അമേരിക്കക്ക് ഈ വിലക്ക് ബാധകമല്ല. ഈ കരാറിനെയാണ് ആണവ രാഷ്ട്രങ്ങളിൽനിന്ന് നമുക്ക് ലഭിക്കുന്ന 'പാസ്പോർട്ട്' എന്ന് നമ്മുടെ വിദേശകാര്യമന്ത്രി നാണമില്ലാതെ ഘോഷിക്കുന്നത്. ഇങ്ങനെ ഒരു പാസ്പോർട്ട് അതോറിറ്റിയെ അംഗീകരിക്കുമ്പോൾ നമ്മുടെ സ്വതന്ത്ര ജനാധിപത്യ പരമാധികാര രാഷ്ട്രം എന്ന സങ്കൽപത്തിന് എന്തർഥമാണുള്ളത്? ഇന്ത്യയെ ബ്രിട്ടീഷ് ആധിപത്യത്തിൽനിന്ന് സ്വതന്ത്രമാക്കുന്നതിൽ മുഖ്യപങ്കുവഹിച്ച കോൺഗ്രസ് തന്നെ ഇന്ന് ഈ രാജ്യത്തിന്റെ സ്വാതന്ത്ര്യം മൊത്തമായും ചില്ലറയായും വിറ്റുകൊണ്ടിരിക്കുകയാണ്. പല സാംസ്കാരിക ചിന്തകരും അഭിപ്രായപ്പെട്ടതുപോലെ ഇന്ത്യയിൽ ഒരു രണ്ടാം സ്വാതന്ത്ര്യസമരത്തിന് സമയമായിരിക്കുന്നു. ■